ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 10.01.2025**

## പ്രധാനവാർത്തകൾ

1) മലയാളികളുടെ ഭാവ ഗായകൻ പി.ജയചന്ദ്രന് നാടിന്റെ അന്ത്യാഞ്ജലി; അനുശോചനം രേഖപ്പെടുത്തി പ്രധാനമന്ത്രി നരേന്ദ്രമോദി.
2) തൃശൂർ സംഗീത അക്കാദമി വളപ്പിൽ പ്രിയ ഗായകന് അന്ത്യാഞ്ജലി അർപ്പിക്കാൻ ആയിരങ്ങൾ ; സംസ്കാരം നാളെ പറവൂർ ചേന്ദമംഗലത്തെ വീട്ടുവളപ്പിൽ.
3) കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കാൻ കേന്ദ്ര സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ ഫലം കാണുന്നതായി കേന്ദ്ര സഹമന്ത്രി എൽ.മുരുകൻ.
4) പൊതുമേഖലയിൽ സംസ്ഥാനത്തെ ആദ്യ സംയോജിത പ്ലാസ്റ്റിക് പാഴ്വസ്തു സംസ്കരണ ഫാക്ടറി തിരുവല്ല കുന്നന്താനത്ത് ഇന്ന് മുതൽ പ്രവർത്തനം ആരംഭിക്കും.
5) എരുമേലി ചന്ദനക്കുടം ഘോഷയാത്ര ഇന്ന് ; അമ്പലപ്പുഴ ആലങ്ങാട് സംഘത്തിന്റെ പേട്ടതുള്ളൽ നാളെ.
6) എട്ടാമത് ഇന്ത്യൻ വനിതാ ഫുട്ബോൾ ലീഗിന് ഇന്ന് കിക്കോഫ്.

*****************************************************************

RNUTVPM

## പി ജയചന്ദ്രന് വിട

മലയാളികളുടെ മനസിൽ ചിരപ്രതിഷ്ഠ നേടിയ ഭാവഗായകൻ പി ജയചന്ദ്രന് നാടിന്റെ അന്ത്യാഞ്ജലി. ഇന്നലെ രാത്രി അന്തരിച്ച പ്രിയഗായകന്റെ ഭൗതിക ശരീരം ഇപ്പോൾ തൃശൂർ സംഗീത നാടക അക്കാദമിയുടെ റീജണൽ തിയേറ്ററിൽ പൊതു ദർശനത്തിന് വച്ചിരിക്കുകയാണ്. പ്രമുഖർ അടക്കം ആയിരക്കണക്കിന് ഗാന ആസ്വാദകരാണ് അദ്ദേഹത്തിന് അന്ത്യാഞ്ജലി അർപ്പിക്കാൻ എത്തുന്നത്. .സർക്കാരിന് വേണ്ടി മന്ത്രി എൻ രാജൻ, ആർ ബിന്ദു എന്നിവർ പുഷ്പചക്രം സമർപ്പിച്ചു.

രാവിലെ എട്ടോടെ പൂങ്കുന്നത്തെ വീട്ടിൽ എത്തിച്ച ഭൗതിക ശരീരം അവിടുത്തെ ചടങ്ങുകൾക്ക് ശേഷമാണ് സംഗീതനാടക അക്കാദമി വളപ്പിലേക്ക് കൊണ്ടുവന്നത്. ഇവിടെ നിന്നും ഭൗതികശരീരം പൂങ്കുന്നത്തെ വീട്ടിലേക്ക് കൊണ്ടുപോകും. സംസ്കാരം നാളെ എറണാകുളം പറവൂർ ചേന്ദമംഗലത്തെ വീട്ടുവളപ്പിൽ നടക്കും.

(അണ്ടർ ടോൺ- മ്യൂസിക്)

മലയാളിക്ക് പ്രണയത്തിന്റെയും വിരഹത്തിന്റെയും ഗൃഹാതുരതയുടെയും ആലാപന സൗകുമാര്യമാർന്ന ഗാനങ്ങൾ നൽകിയ അനുഗ്രഹീത ഗായകനാണ് വിടപറഞ്ഞത്. അരനൂറ്റാണ്ട് പിന്നിട്ട ഗാനസപര്യയിൽ പി.ജയചന്ദ്രൻ പതിനായിരത്തിലേറെ ഗാനങ്ങൾ ആലപിച്ചു.

**************************************************************

## പ്രധാനമന്ത്രി -അനുശോചനം

ഗായകൻ പി ജയചന്ദ്രന്റെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അഗാധ ദുഃഖം രേഖപ്പെടുത്തി. വിവിധ ഭാഷകളിലായുള്ള അദ്ദേഹത്തിന്റെ ഭാവതീവ്രമായ ആലാപനങ്ങൾ വരും തലമുറകളുടെയും ഹൃദയങ്ങളെ സ്പർശിക്കുമെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

RNU TVPM

****************************************************************

## ശ്രീകുമരാൻ തമ്പി അനുസ്മരണം (ഇൻട്രോ)

പി.ജയചന്ദ്രനുമായി 58 കൊല്ലത്തെ സാഹോദര ബന്ധമാണ് തനിക്കുണ്ടായിരുന്നതെന്ന് ചലച്ചിത്ര സംവിധായകനും ഗാനരചയിതാവമായ ശ്രീകുമാരൻ തമ്പി അനുസ്മരിച്ചു.

(ഹോൾഡ്- വോയ്സ്)

****************************************************************

## കെ എസ് ചിത്ര അനുസ്മരണം (ഇൻട്രോ)

പി ജയചന്ദ്രൻറെ വിയോഗത്തിലുള്ള വേദന പ്രമുഖ ഗായിക കെ എസ് ചിത്രയും പങ്കുവച്ചു.

(ഹോൾഡ് വോയ്സ്)

****************************************************************

## രവി മേനോൻ അനുസ്മരണം (ഇൻട്രോ)

മനുഷ്യ ജീവതത്തിൻറെ സമസ്ത ഭാവങ്ങളോടും ചേർന്നു നിൽക്കുന്ന പാട്ടുകൾ സമ്മാനിച്ചാണ് പി ജയചന്ദ്രൻ വിടവാങ്ങുന്നതെന്ന് സംഗീത നിരൂപകനും മാധ്യമപ്രവർത്തകനുമായ രവി മേനോൻ അനുസ്മരിച്ചു.

(ഹോൾഡ്, വോയ്സ്)

****************************************************************

## പ്രാർത്ഥനാഞ്ജലി

RNU TVPM

ഭാവഗായകൻ പി. ജയചന്ദ്രന് ആദരാഞ്ജലിയർപ്പിച്ച് കൊല്ലൂർ ശ്രീ മൂകാംബിക ക്ഷേത്രാങ്കണത്തിൽ സംഗീതജ്ഞരുടെ പ്രാർത്ഥനാഞ്ജലി. യേശുദാസിന്റെ ജന്മദിനത്തോടനുബന്ധിച്ച് കാഞ്ഞങ്ങാട് രാമചന്ദ്രന്റെ നേതൃത്വത്തിൽ 25 വർഷമായി നടന്നു വരുന്ന കൊല്ലൂർ സംഗീതോത്സവം രാവിലെ മൂകാംബിക ക്ഷേത്രം വടക്കേ നടയിൽ ആരംഭിച്ചപ്പോഴാണ് പി. ജയചന്ദ്രനുവേണ്ടി പ്രാർത്ഥനാഞ്ജലി നടത്തിയത്.

**************************************************************

## എൽ.മുരുകൻ- കേരളം

കാലാവസ്ഥാ വ്യതിയാന പ്രതിരോധം, ജൈവവൈവിധ്യ സംരക്ഷണം എന്നിവ ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ നടത്തുന്ന വിവിധ പദ്ധതികൾ ഫലം കാണുന്നതായി കണക്കുകൾ വ്യക്തമാക്കുന്നുവെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ വകുപ്പ് സഹമന്ത്രി എൽ മുരുകൻ പറഞ്ഞു. കവി സുഗതകുമാരിയുടേത് പ്രകൃതിസംരക്ഷണത്തിനും സ്ത്രീ ശാക്തീകരണത്തിനുമായി സമർപ്പിച്ച ജീവിതമായിരുന്നുവെന്നും അദ്ദേഹം അനുസ്മരിച്ചു. സുഗത നവതിയുടെ ഭാഗമായി ആവണീശ്വരം പദ്മനാഭപിള്ള മെമ്മോറിയൽ വൊക്കേഷണൽ ഹയർ സെക്കൻ്ററി സ്കൂളിൽ സുഗത സൂക്ഷ്മവനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സ്കൂൾ അങ്കണത്തിൽ കേന്ദ്രമന്ത്രി വൃക്ഷത്തൈ നട്ടു. നേരത്തെ കൊല്ലം അമൃത വിശ്വവിദ്യാപീഠം ക്യാമ്പസിലും പരിപാടിയുടെ ഭാഗമായി അദ്ദേഹം വൃക്ഷതൈ നട്ടു. മുതിർന്ന ബി.ജെ.പി നേതാവ് കുമ്മനം രാജശേഖരൻ സന്നിഹിതനായിരുന്നു.

മഹാകുംഭമേളയോട് അനുബന്ധിച്ച് ആകാശവാണിയുടെ കുംഭവാണി റേഡിയോ സ്റ്റേഷന്റെ പ്രയാഗ് രാജിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ വീഡിയോ കോൺഫറൻസിങ്ങിലൂടെ കേന്ദ്രമന്ത്രി പങ്കെടുത്തു.

RNUTVPM

**************************************************************

<u>നമസ്തേ</u>

കേന്ദ്ര സർക്കാരിന്റെ നാഷണൽ ആക്ഷൻ പ്ലാൻ ഫോർ മെക്കനൈസ്ഡ് സാനിറ്റേഷൻ ഇക്കോ സിസ്റ്റം പദ്ധതിയിലൂടെ പാലക്കാട് നഗരസഭയിലെ ശുചീകരണ തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്തു. വിതരണോത്ഘാടനം നഗരസഭ ചെയർപേഴ്സൺ പ്രമീള ശശിധരൻ നിർവഹിച്ചു.

**************************************************************

<u>ഗ്രീൻ പാർക്ക് (ഇൻട്രോ)</u>

പൊതുമേഖലയിൽ സംസ്ഥാനത്തെ ആദ്യ സംയോജിത പ്ലാസ്റ്റിക് പാഴ് വസ്തു സംസ്കരണ ഫാക്ടറിയായ ഗ്രീൻ പാർക്ക് തിരു വല്ല കുന്നന്താനം കിൻഫ്ര പാർക്കിൽ ഇന്നു മുതൽ പ്രവർത്തനം ആരംഭിക്കും. വൈകിട്ട് മന്ത്രി എം.ബി.രാജേഷ് ഉദ്ഘാടനം ചെയ്യും.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി **ശ്രീജി ശ്രീധർ.....**

(വോയിസ്)

**************************************************************

<u>പേട്ട തുള്ളൽ</u>

മതമൈത്രിയുടെ പ്രതീകങ്ങളായി അറിയപ്പെടുന്ന എരുമേലി ചന്ദനക്കുട ഘോഷയാത്ര ഇന്നും അമ്പലപ്പുഴ ആലങ്ങാട് പേട്ടതുള്ളൽ നാളെയും നടക്കും. ഇന്ന് വൈകിട്ട് നാലിന് നൈനാർ മസ്ജിദ് ഓഡിറ്റോറിയത്തിൽ അമ്പലപ്പുഴ ആലങ്ങാട് സംഘങ്ങളുമായി സൗഹൃദ സംഗമം നടക്കും. നൈനാർ പള്ളിയിൽ നിന്ന് ആരംഭിക്കുന്ന ചന്ദനക്കുട ഘോഷയാത്രക്ക് എരുമേലി

RNU TVPM

ധർമ്മശാസ്താ ക്ഷേത്രത്തിലും പേട്ട ശാസ്താ ക്ഷേത്രത്തിലും സ്വീകരണം നടക്കും. നാളെ ഉച്ചയോടെ അമ്പലപ്പുഴ സംഘത്തിന്റെ പേട്ട തുള്ളൽ തുടങ്ങും. സംഘത്തിന് നൈനാർ മസ്ജിദിൽ മഹല്ല് മുസ്ലീം ജമാഅത്തിന്റെ നേതൃത്വത്തിൽ സ്വീകരണം നൽകും.

************************************************************

## ഗ്ലോബൽ ജോബ് ഫെയർ (ഇൻട്രോ)

കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ സംഘടിപ്പിക്കുന്ന രണ്ടു ദിവസത്തെ ഗ്ലോബൽ ജോബ് ഫെയർ നാളെ ആരംഭിക്കും. ഒമ്പതിനായിരത്തിലേറെ ഉദ്യോഗാർഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി **കെ.ഒ.ശശിധരൻ.**

(വോയിസ്)

************************************************************

## വനിതാ ഫുട്ബോൾ ലീഗ്

എട്ടാമത് ഇന്ത്യൻ വനിതാ ഫുട്ബാൾ ലീഗിന് ഇന്ന് കിക്കോഫ്. ആദ്യ മത്സരത്തിൽ ഉച്ചകഴിഞ്ഞ് 2.30 ന് കൊൽക്കത്തയിൽ ഈസ്റ്റ് ബംഗാൾ, FC കർണാടകയെ നേരിടും. രണ്ടാം മത്സരത്തിൽ വൈകിട്ട് മൂന്നരയ്ക്ക് കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയത്തിൽ ഗോകുലം കേരള FC, നിലവിൽ ചാമ്പ്യൻമാരായ ഒഡിഷ FC യുമായി മത്സരിക്കും.
എട്ട് വേദികളിലായി മൂന്ന് മാസത്തിലധികം നീണ്ടു നിൽക്കുന്ന ടൂർണമെന്റിൽ 56 മത്സരങ്ങളുണ്ടാകും.

************************************************************

## വനിതാ ക്രിക്കറ്റ്

RNU TVPM

ഇന്ത്യ - അയർലാൻഡ് വനിത ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിന് ഗുജറാത്തിലെ സൗരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ തുടക്കമായി. ടോസ് നേടി ബാറ്റിങ് തെരഞ്ഞെടുത്ത അയർലാൻഡിന് തുടക്കത്തിൽ തന്നെ വിക്കറ്റുകൾ നഷ്ടമായി. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ നാലു വിക്കറ്റ് നഷ്ടത്തിൽ 98 റൺ എന്ന നിലയിലാണ്.

*************************************************************

## ഡീലിമിറ്റേഷൻ ഹിയറിങ്

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലെ കരട് വാർഡ് വിഭജന നിർദ്ദേശങ്ങൾ സംബന്ധിച്ച പരാതികളിൽ ജില്ലാതല ഹീയറിംഗ് ഈ മാസം 16 മുതൽ അടുത്തമാസം 22 വരെ നടത്തും. ഡീലിമിറ്റേഷൻ കമ്മീഷൻ ചെയർമാൻ കൂടിയായ സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ ആണ് ഇക്കാര്യം അറിയിച്ചത്. ഹീയറിംഗ് 16 ന് പത്തനംതിട്ടയിൽ ആരംഭിക്കും.

RNU TVPM

*************************************************************

## വയനാട് ഡിസിസി-അറസ്റ്റ്

വയനാട് ഡി.സി.സി ട്രഷററുടേയും മകന്റേയും മരണത്തിൽ കോൺഗ്രസ് നേതാക്കളുടെ അറസ്റ്റ് ഈ മാസം 15 വരെ തടഞ്ഞ് കോടതി. വയനാട് പ്രിൻസിപ്പൽ സെഷൻസ് കോടതിയുടേതാണ് ഉത്തരവ്.

****************************************************************************************************

*********************